# കേരള സർവകലാശാല

നം.പി.ആർ.208/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വൈവ

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി ബോട്ടണി, കെമിസ്ട്രി (മേഴ്സിചാൻസ് 2010, 2011 അഡ്മിഷൻ, സപ്ലിമെന്ററി 2012 അഡ്മിഷൻ) എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ യഥാക്രമം ഒക്ടോബർ 21, 29 തീയതികളിൽ നടത്തുന്നതാണ്.

ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) മേയ് 2019 (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് ഒക്ടോബർ 10, 11 തീയതികളിൽ എസ്.സി.ടി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരം, ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം എന്നിവിടങ്ങളിൽ വെച്ചും മെക്കാനിക്കൽ സ്ട്രീം – ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ ഒക്ടോബർ 10, 11 തീയതികളിൽ എസ്.സി.ടി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരത്ത് വെച്ചും നടത്തുന്നതാണ്.

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ 10 മുതൽ 18 വരെ നടത്തുന്നതാണ്.

വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### മാർക്ക് അപ്‌ലോഡ് ചെയ്യാം

എം.ഫിൽ പ്രവേശന പരീക്ഷ എഴുതുകയും ഇന്റർവ്യൂവിന് ഹാജരാകുകയും ചെയ്ത വിദ്യാർത്ഥികൾ അവരുടെ ബിരുദാനന്തര പരീക്ഷയുടെ മാർക്കുകൾ ഒക്ടോബർ 9 നകം വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

### സൂക്ഷ്മപരിശോധന

2019 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി (ഇ.ജെ X) സെക്ഷനിൽ ഒക്ടോബർ 4 മുതൽ 10 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം ഒക്ടോബർ 6 ന് എസ്.ഡി.ഇ പാളയം, കാര്യവട്ടം, കൊല്ലം എന്നീ കേന്ദ്രങ്ങളിൽ നടത്താനിരുന്ന സമ്പർക്ക ക്ലാസുകൾ മാറ്റിവെച്ചു. ഒക്ടോബർ 12 മുതൽ ക്ലാസുകൾ പുനഃരാരംഭിക്കുന്നതാണ്.

## അഭിമുഖം മാറ്റി

2019 ഒക്ടോബർ 11 ന് നടത്താനിരുന്ന എൻവയോൺമെന്റൽ സയൻസ് വിഭാഗത്തിലെ വാട്ടർ ടെസ്റ്റിംഗ് ലബോറട്ടറിയിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള കരാർ നിയമനത്തിന്റെ അഭിമുഖം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## വകുപ്പു ചുമതല

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയുടെ മേധാവിയായി ചുമതല വഹിച്ചിരുന്ന ഡോ. അംബീഷ്മോനെ പ്രസ്തുത ചുമതലയിൽ നിന്ന് ഒഴിവാക്കാനും അവധിയിലായിരുന്ന വകുപ്പുമേധാവി പ്രൊഫ.കെ.എസ് ചന്ദ്രശേഖരന്റെ അവധി റദ്ദാക്കി വകുപ്പദ്ധ്യക്ഷന്റെ ചുമതല തിരികെ നൽകുന്നതിനും വൈസ് ചാൻസലർ ഉത്തരവായി.

തിരുവനന്തപുരം.
03.10.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**